## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3631

12.12.2014-ൽ മറുപടിക്ക്

### കിലയുടെ റീജിയണൽ ഓഫീസും ട്രെയിനിംഗ് സെന്ററും ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കിലയുടെ റീജിയണൽ ഓഫീസും ട്രെയിനിംഗ് സെന്ററും സംബന്ധിച്ച ആർ.സി.4/47573/14 നമ്പർ ഫയലിന്റെ തുടർ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (എ) കോട്ടയം ജില്ല ഞീഴൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ട ഞീഴൂർ വില്ലേജ് ബ്ലോക്ക് 27 സർവ്വെ 419/1 ൽപ്പെട്ട ഭൂതപ്പാണ്ടൻ ചിറ എന്ന പേരിലുള്ള സ്ഥലത്തു നിന്നും 5 ഏക്കർ ഭൂമി കില റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് സൗജന്യമായി വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് 27.08.2014 ൽ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് ഒരു മീറ്റിംഗ് നടത്തുകയും, പ്രസ്തുത മീറ്റിംഗിൽ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനമെടുക്കുകയും ഉണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിട്ടുകൊടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ റവന്യൂ രേഖകൾ സഹിതം വിശദമായ പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കാൻ 25.10.2014, 17.11.2014 എന്നീ തീയതികളിലെ 47573/ആർ.സി.4/14/തസ്വഭവ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ